# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 13, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

<u>മുല്ലപ്പെരിയാർ - ഉന്നതാധികാര സമിതി റിപ്പോർട്ട്</u>

*61 ശ്രീ. എ.കെ. ബാലൻ
,, കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തണമെന്ന് കാണിച്ച് ഉന്നതാധികാര സമിതി സുപ്രീംകോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമർപ്പിക്കപ്പെട്ട റിപ്പോർട്ടിനോടുള്ള സർക്കാരിന്റെ നിലപാട് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന താൽപര്യം സംരക്ഷിക്കാനായി എന്ത് നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

മാതൃകാ ഇ.എസ്.ഐ. ആശുപത്രികൾ

*62 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലെയും ഓരോ ഇ.എസ്.ഐ. ആശുപത്രിയെ എങ്കിലും കൂടുതൽ വിദഗ്ധ ചികിത്സ ലഭിക്കുന്ന തരത്തിൽ മാതൃകാ ആശുപത്രികളാക്കി ഉയർത്തി കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

മെഡിക്കൽ പ്രവേശനത്തിൽ ഇന്റർ ചർച്ച് കൗൺസിലുമായുണ്ടാക്കിയ കരാർ

*63 ശ്രീ. എം. എ. ബേബി
,, എ. പ്രദീപ്കുമാർ
,, റ്റി. വി. രാജേഷ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പ്രവേശനത്തിൽ ഇന്റർ ചർച്ച് കൗൺസിലുമായുണ്ടാക്കിയ കരാറിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ വർഷത്തെ നിലപാടിൽ നിന്ന് പ്രസ്തുത മാനേജ്മെന്റുകൾ എന്തു മാറ്റമാണ് വരുത്തിയതെന്നറിക്കുമോ;

(സി) സർക്കാരിന്റെ ഏതൊക്കെ ഉപാധികളാണ് അവർ അംഗീകരിച്ചതെന്ന് വ്യക്തമാക്കാമോ

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിലെ നഴ്സുമാർക്ക് മിനിമം വേതനം</u>

*64 ശ്രീ. എം. എ. വാഹിദ്
,, പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിനും നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) മിനിമം വേതനം നടപ്പാക്കാത്ത സ്വകാര്യ ആശുപത്രി മാനേജുമെന്റുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ;

(സി) സംസ്ഥാനത്തിന് അകത്തും പുറത്തും സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് തൊഴിൽ സംബന്ധമായ വിവിധ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ബാധിതർക്ക് ദുരിതാശ്വാസം നൽകാൻ നടപടി</u>

*65 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കെ. നാരായണൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ഇര ആയവർക്ക് ദുരിതാശ്വാസം നൽകുന്നതിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എൻഡോസൾഫാൻ ഇര ആയവർക്ക് ദുരിതാശ്വാസം നൽകാനും അവരുടെ പുനരധിവാസത്തിനുമായി ഇതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>യുവജന നയം</u>

*66 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവാക്കളുടെ ക്ഷേമത്തിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) യുവജന ക്ഷേമത്തിനായി ഒരു യുവജന നയം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>പട്ടിക ജാതി കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

*67 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു പഠനത്തിനുശേഷം ഉപരിപഠനത്തിനായി സർക്കാർ അംഗീകൃത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന എസ്.സി. കുട്ടികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവ നല്കുന്നതിന് നിലവിൽ തടസ്സമുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) മുൻപ് ഇപ്രകാരം തുക അനുവദിച്ചിരുന്നുവോ ;

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന അർഹരായ എസ്.സി. കുട്ടികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ- ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട്</u>

*68 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ വിഷയത്തിൽ സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ലഭ്യമാണോ; എങ്കിൽ അതിലെ പ്രധാന ശുപാർശകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ സംസ്ഥാന താൽപ്പര്യങ്ങളെ എപ്രകാരം ബാധിക്കുന്നു;

(സി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കായി കേന്ദ്ര സേനയെ വിന്യസിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ബലരാമൻ കമ്മിറ്റി റിപ്പോർട്ട്

*69 ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, കെ.വി. അബ്ദുൾ ഖാദർ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; അംഗീകരിച്ച ശുപാർശകൾ ഏതൊക്കെയാണ് ;

(ബി) കമ്മിറ്റി ശുപാർശകളോടുള്ള ആശുപത്രി മാനേജ്മെന്റ് സംഘടനയുടെ നിഷേധാത്മക നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ നിയമനിർമ്മാണത്തിലൂടെ നേഴ്സുമാർക്ക് മാന്യമായ സേവന-വേതനവ്യവസ്ഥ ഉറപ്പാക്കാൻ നടപടിയെടുക്കുമോ; ഇതുവരെ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ജലനിധി - രണ്ടാം ഘട്ടം</u>

*70 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധിയുടെ 2-ാം ഘട്ട പദ്ധതിയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇത് എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇത് എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ഭൂഗർഭജല ചൂഷണം</u>

*71 ശ്രീ. കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എൻ. എ. ഖാദർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമിത ഭൂഗർഭജല ചൂഷണം മൂലം ജലനിരപ്പിൽ ഓരോ വർഷവും ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഭൂഗർഭജല ശോഷണത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കുന്നുകൾ ഇടിച്ചുമാറ്റുന്നതും, വയലുകൾ നികത്തുന്നതും, വീടുവളപ്പുകളും പാതകളും കോൺക്രീറ്റ് ചെയ്യുന്നതും ജലശോഷണത്തിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജലചൂഷണത്തിനനുസൃതമായി മഴക്കുഴികൾ, ചെക്ക്ഡാമുകൾ, എന്നിവ മുഖേന ഭൂഗർഭജലം റീചാർജ് ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

വ്യവസായ ബന്ധ സമിതിയുടെ പഠനം

*72 ശ്രീ. എം. ചന്ദ്രൻ
,, എ. കെ. ബാലൻ
,, എ. പ്രദീപ്കുമാർ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ നിലപാടെന്താണെന്ന് അറിയിക്കുമോ;

(ബി) ബലരാമൻ കമ്മിറ്റിയുടെ കണ്ടെത്തലിന്മേൽ ഏതു തരത്തിലുള്ള പഠനമാണ് വ്യവസായബന്ധസമിതി നടത്താനുദ്ദേശിക്കുന്നത്;

(സി) നേഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കാനായി തൊഴിൽ
വകുപ്പ് ഇതിനകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>അശാസ്ത്രീയമായ ജലവിതരണം</u>

*73 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുൾ റസാക്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയ ജലവിതരണം മൂലം നിലനില്ക്കുന്ന ശുദ്ധജല ദൗർല്ലഭ്യം മുതലെടുത്ത്, മലിനജലം ശുദ്ധജലമെന്ന പേരിൽ അമിത വിലയ്ക്ക് വിറ്റഴിക്കുന്ന മാഫിയ സംസ്ഥാനത്തൊട്ടാകെ സജീവമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഏജൻസികൾ വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ വിനിയോഗ രീതിയും, വിനിയോഗ ആവശ്യങ്ങളും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ എത്ര ശതമാനം വീതമാണ് കുടിവെള്ളമായും പാചകാവശ്യത്തിനായും ഉപയോഗിക്കപ്പെടുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സെമി പ്യൂരിഫൈഡ് വാട്ടർ ആവശ്യമായിടത്ത്, കുടിവെള്ളം ഉപയോഗിക്കേണ്ടി വരുന്ന ഇന്നത്തെ അശാസ്ത്രീയ ജലവിതരണ രീതി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ</u>

*74 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ടുവർഷത്തിലധികമായി അന്യ സംസ്ഥാന തൊഴിലാളികളുടെ വരവ് കേരളത്തിൽ ഉണ്ടായിട്ടും ഉന്നതാധികാരികൾ വ്യക്തമായി ഒരു കണക്ക് ഇക്കാര്യത്തിൽ സൂക്ഷിച്ചിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ കൂട്ടത്തിൽ മാവോയിസ്റ്റു ഗ്രൂപ്പുകൾ വന്നുചേരുന്നുവെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

വന്ധ്യതാ ചികിത്സ

*75 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ വന്ധ്യതാ ചികിത്സയ്ക്കുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഈ ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളിൽ അമിതമായ ഫീസും ചൂഷണവും നേരിടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് തടയുവാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും പുതിയ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുമോ;

(ഡി) ന്യായമായ ഫീസ് ചുമത്തി പ്രധാനപ്പെട്ട സർക്കാർ മെഡിക്കൽ കോളേജുകളിൽ വന്ധ്യതാ ചികിത്സയ്ക്കുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ടാങ്കറുകളിലൂടെയുള്ള കുടിവെള്ള വിതരണം

*76 ശ്രീ. പി. തിലോത്തമൻ
,, വി.എസ്. സുനിൽ കുമാർ
,, വി. ശശി
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ടാങ്കറുകളിൽ വെള്ളമെത്തിക്കുന്ന സ്വകാര്യ ഏജൻസികൾ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടാങ്കറുകളിൽ എത്തിക്കുന്ന കുടിവെള്ളം ഉപയോഗയോഗ്യമാണോ എന്ന് പരിശോധന നടത്തുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മലിനജലം വിതരണം ചെയ്യുന്ന ഏജൻസികളെ സംബന്ധിച്ച് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

നോക്കുകൂലി

*77 ശ്രീ. സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിർത്തലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളെയാണ് നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുള്ളത് ;

(സി) മറ്റ് ജില്ലകളെക്കൂടി നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

കെ. ടി. ഡി. സി. യുടെ ടൂറിസം വികസന പദ്ധതികൾ

*78 ശ്രീ. എ.റ്റി. ജോർജ്
,, പാലോട് രവി
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിനും വൈവിധ്യവത്ക്കരണത്തിനും കെ.ടി.ഡി.സി ആവിഷ്ക്കരിച്ച് നടപ്പിലാക്കി യിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ഗുണനിലവാരമുള്ള റോഡുകൾ വികസിപ്പിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചി ട്ടുണ്ടോ;

(സി) സംസ്ഥാനത്ത് അഡ്വെഞ്ചർ ടൂറിസം പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കണ്ടെത്തലുകൾ</u>

*79 ശ്രീ. ജെയിംസ് മാത്യൂ
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അസാധാരണ രോഗങ്ങളെക്കുറിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കണ്ടെത്തലുകൾ എന്തായിരുന്നെന്ന് വെളിപ്പെടുത്തുമോ;

(ബി) കീടനാശിനി കമ്പനി പ്രതിനിധികളുടെ നിർദ്ദേശം കൂടി പരിഗണിച്ച് റിപ്പോർട്ട് പുന: പരിശോധിക്കാൻ ഗവൺമെന്റ് കമ്യൂണിറ്റി മെഡിസിൻ വിഭാഗം തലവനോട് ആവശ്യപ്പെട്ടതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഠനസംഘത്തലവന്റെ മറുപടിയെന്തായിരുന്നെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം</u>

*80 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എ.റ്റി. ജോർജ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി സംസ്ഥാന തലത്തിൽ യുവജന കേന്ദ്രം തുടങ്ങുന്ന കാര്യം ആലോചിക്കുമോ;

(സി) ജില്ലാതലങ്ങളിൽ യുവജന ഹോസ്റ്റലുകൾ ആരംഭിക്കുമോ;

(ഡി) യുവജനങ്ങളുടെ തൊഴിലധിഷ്ഠിത പരിശീലനത്തിനായി യുവജന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം</u>

*81 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, എം.പി. അബ്ദുസ്സമദ് സമദാനി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ എത്തുന്ന സ്വദേശികളും വിദേശീയരുമായ സന്ദർശകരുടെ സുരക്ഷിതത്വവും, സൗകര്യവും ഉറപ്പുവരുത്തുന്നകാര്യത്തിൽ പുതുതായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) നിലവിലുള്ള ടൂറിസം പോലീസ് സംവിധാനം കാര്യക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കാൻ എന്തൊക്കെ പരിഷ്കാരങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള പാതകളിലും, ഇടത്താവളങ്ങളിലും, സാമൂഹ്യവിരുദ്ധരും, മദ്യപന്മാരും ടൂറിസ്റ്റുകളെ ശല്യപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്യുന്ന സംഭവങ്ങൾ തടയാൻ ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുമോ ;

(ഇ) ടൂറിസം കേന്ദ്രങ്ങളിൽ മദ്യ-മയക്കുമരുന്ന് ലഭ്യത തടയാൻ കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ പ്രൈസ് ഇന്‍ഡക്സ് പുനര്‍നിര്‍ണ്ണയം</u>

*82 ഡോ. കെ. ടി. ജലീല്‍
ശ്രീ. പി. കെ. ഗുരുദാസന്‍
,, വി. ചെന്താമരാക്ഷന്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ പ്രൈസ് ഇന്‍ഡക്സ് പുനര്‍നിര്‍ണ്ണയം ചെയ്യുന്നതിനു വേണ്ടി മുന്‍ ഗവണ്‍മെന്റിന്റെ കാലത്ത് നിയോഗിച്ച കമ്മിറ്റിയുടെ പ്രവര്‍ത്തനം പൂര്‍ത്തിയായിട്ടുണ്ടോ; എങ്കില്‍ പുതിയ വില സൂചികയ്ക്ക് നിലവിലുള്ള വില സൂചികയില്‍ നിന്നുമുള്ള വ്യതിയാനം എത്ര എന്നാണ് നിര്‍ണ്ണയിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) അവശ്യസാധനങ്ങളുടെ യഥാര്‍ത്ഥ വിലയും സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാര്‍ട്ട്മെന്റ് പ്രസിദ്ധീകരിക്കുന്ന വില സൂചികയും തമ്മില്‍ വലിയ അന്തരമുണ്ടെന്നുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; അതു സംബന്ധിച്ച് വിശദീകരിക്കാമോ;

(സി) തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷാമബത്ത യഥാര്‍ത്ഥ ജീവിതച്ചെലവിന്റെ അടിസ്ഥാനത്തില്‍ നിര്‍ണ്ണയിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികൾ</u>

*83 ശ്രീ. ബാബു എം. പാലിശ്ശേരി
,, വി. ശിവൻകുട്ടി
,, സാജു പോൾ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം, തൃശൂർ, എറണാകുളം തുടങ്ങിയ നഗരങ്ങളിൽ പകർച്ചവ്യാധികൾ കൂടുതലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

മരുന്ന് വില

*84 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ വില നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധീനതയിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട അടിസ്ഥാനത്തിലല്ലാതെ നിയന്ത്രണങ്ങൾ ലംഘിച്ച് മരുന്നു വില ക്രമാതീതമായി കൂടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ വില പൊതു വിപണിയിൽ നിയന്ത്രിച്ചു നിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) മരുന്നു വിപണിയിലെ ചൂഷണത്തിൽ നിന്നും ഉപഭോക്താക്കളെ രക്ഷിക്കുന്നതിന് അവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

മഴക്കാല രോഗ പ്രതിരോധവും ചികിത്സയും

*85 ശ്രീ. കെ.എൻ.എ. ഖാദർ
,, സി. മമ്മൂട്ടി
,, കെ.എം. ഷാജി
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗപ്രതിരോധത്തിനും, ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ അപാകതകളും അപര്യാപ്തതയും കാരണം മഴക്കാലത്തുണ്ടാകാവുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ജാഗ്രത പുലർത്തുന്നുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ എടുത്തിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണ് ;

(സി) ഇക്കാര്യത്തിൽ ജനങ്ങൾക്കിടയിലെ ബോധവത്ക്കരണത്തിന് ഏതൊക്കെ വിഭാഗം ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതൊക്കെത്തരം രോഗങ്ങളാണ് മഴക്കാലത്ത് വരാൻ ഇടയുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇത്തരം രോഗങ്ങളെ പ്രതിരോധിക്കാൻ സാധിക്കും വിധം പി.എച്ച്.സി കൾ ഉൾപ്പെടെയുള്ളവയെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

മെഡിക്കൽ ലാബുകൾക്കും സ്കാനിംഗ് സെന്ററുകൾക്കും രജിസ്ട്രേഷൻ

*86 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ ലാബുകൾക്കും സ്കാനിംഗ് സെന്ററുകൾക്കും ഇപ്പോൾ രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ആരോഗ്യ വകുപ്പിൽ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ നിശ്ചിത യോഗ്യതകളുള്ളവരാണെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇവയിലൂടെ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്കുള്ള ഫീസുകൾ ഏകീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കാലപ്പഴക്കംചെന്ന പൈപ്പുകൾ മൂലം കുടിവെള്ളക്ഷാമം</u>

*87 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കാത്തതിനാൽ നേരിടുന്ന കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>പുകയില ഉൽപ്പന്നങ്ങളുടെ നിരോധനം</u>

*88 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുപ്പക്കാർക്കിടയിലെ കാൻസർബാധയ്ക്കുള്ള പ്രധാന കാരണം പുകയിലവസ്തുക്കളുടെ ഉപയോഗമാണെന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുകയില വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പുകവലി നിയന്ത്രണ നടപടികളിൽ അലംഭാവം വന്നതിനാൽ പൊതുസ്ഥലങ്ങളിലെ പുകവലി സജീവമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാൻപരാഗ്, ഗുഡ്ക്ക തുടങ്ങിയ പുകയില ഉല്പന്നങ്ങൾ സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്നതും, വില്പന നടത്തുന്നതു നിരോധിക്കാനും നിരോധനം കർശനമായി നടപ്പാക്കാനും നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി</u>

*89 ശ്രീ. സി. കൃഷ്ണൻ
,, പി.കെ. ഗുരുദാസൻ
,, കെ.കെ. നാരായണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടി ഒരു ക്ഷേമനിധി നിയമം 2008-ൽ കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) തൊണ്ണൂറ്റി മൂന്ന് ശതമാനത്തോളം വരുന്ന പ്രസ്തുത വിഭാഗത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ക്ഷേമനിധിയ്ക്കായി ദേശീയതലത്തിൽ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടന എന്താണെന്നറിയിക്കാമോ;

(സി) സംസ്ഥാനത്തിൽ ബോർഡിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര അംഗങ്ങളുണ്ടെന്നും എത്ര യോഗങ്ങൾ ചേരുകയുണ്ടായെന്നും വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര ഗവൺമെന്റ് സംസ്ഥാനതല ബോർഡിന് ധനസഹായം നൽകുകയുണ്ടായോ; എങ്കിൽ എത്ര തുകയെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് അസംഘടിതമേഖലയിലെ എത്ര തൊഴിലാളികൾക്ക് ഇതിനകം ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയുണ്ടായിയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

പി.ജി ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവനം

*90 ശ്രീ. ആർ. രാജേഷ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ - പി.ജി ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയിരുന്നോ;

(ബി) പ്രസ്തുത ഉത്തരവ് പിൻവലിക്കാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ - പി.ജി ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 4.